"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - എറണാകുളം ജില്ലയിലെ പിറവം ജെ.എം.പി ആശുപത്രി മാതൃ ആശുപത്രിയായി നിശ്ചയിച്ച് മദർ തെരേസ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന് കീഴിൽ മൂവാറ്റുപുഴയിൽ 'മദർ തെരേസ കോളേജ് ഓഫ് നഴ്സിംഗ്' എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.78/2026/H&FWD തീയതി, തിരുവനന്തപുരം, 05-03-2026

---

പരാമർശം:-

1. സ.ഉ (പി) നം. 64/2012/ആ.കു.വ തീയതി 17.02.2012
2. ചെയർമാൻ, മദർ തെരേസ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് സമർപ്പിച്ച 30.09.2023 തീയതിയിലെ അപേക്ഷ
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 24.06.2025 -ൽ ഡി.എം.ഇ/7006/2023-ബി 4 നമ്പർ കത്ത് പ്രകാരം സമർപ്പിച്ച പരിശോധനാ റിപ്പോർട്ട്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ പിറവം ജെ.എം.പി ആശുപത്രി മാതൃ ആശുപത്രിയായി നിശ്ചയിച്ച് മദർ തെരേസ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന് കീഴിൽ മൂവാറ്റുപുഴയിൽ 'മദർ തെരേസ കോളേജ് ഓഫ് നഴ്സിംഗ്' എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നിരാക്ഷേപപത്രം അനുവദിക്കുന്നതിനായി പരാമർശം (2) പ്രകാരമുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിരുന്നു.

**2.** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നിർദ്ദിഷ്ട സ്ഥാപനത്തിൽ പരിശോധന നടത്തി ലഭ്യമാക്കിയ പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിൽ, ബി.എസ്.സി (നേഴ്സിംഗ്) കോഴ്സ് ആരംഭിക്കുന്നതിന് ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ മാനദണ്ഡപ്രകാരവും പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്യും പ്രകാരവുമുള്ള ഭൗതിക ക്ലിനിക്കൽ സൗകര്യങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാം എന്ന സത്യവാങ്മൂലം അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെയും പരിശോധന റിപ്പോർട്ടിലെ വസ്തുതകളുടെയും അടിസ്ഥാനത്തിൽ, താൽക്കാലിക കെട്ടിടത്തിൽ ശേഷിക്കുന്ന ഫിനിഷിംഗ് ജോലികൾ

പൂർത്തിയാക്കുക, പുതിയ കോളേജ് കെട്ടിടത്തിന്റെ നിർമ്മാണം രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കുക എന്നീ നിബന്ധനകൾക്ക് വിധേയമായി എറണാകുളം ജില്ലയിലെ പിറവം ജെ.എം.പി ആശുപത്രി മാതൃ ആശുപത്രിയായി നിശ്ചയിച്ച് മദർ തെരേസ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റിന് കീഴിൽ, ബി.എസ്.സി (നേഴ്സിംഗ്) കോഴ്സ് പഠന വിഷയമായി 'മദർ തെരേസ കോളേജ് ഓഫ് നഴ്സിംഗ്' എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് പ്രവർത്തനം ആരംഭിക്കുന്നതിന്, വിദ്യാർത്ഥി പ്രവേശന ശേഷി 50 ആയി നിജപ്പെടുത്തി, 2026-27 പ്രാബല്യത്തിൽ, ചുവടെപ്പറയുന്ന വ്യവസ്ഥകളോടെ നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

I സ്വകാര്യ സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന" എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

ii. ബി.എസ്.സി (നേഴ്സിംഗ്) സീറ്റുകൾ സർക്കാർ മെറിറ്റ് /മാനേജ്മെന്റ് എന്നിങ്ങനെ വിഭജിച്ചുകൊണ്ട് ഓരോ അധ്യയന വർഷവും സർക്കാർ പുറപ്പെടുവിക്കുന്ന 'സീറ്റ് മെട്രിക്സ്' അനുസരിച്ച് മാത്രമെ അഡ്മിഷൻ നടത്താൻ പാടുള്ളൂ.

Iii. ബി.എസ്.സി നേഴ്സിംഗ് കരിക്കുലം, നേഴ്സിംഗ് കോളേജിന്ന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

iv. പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നേഴ്സിംഗ് കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ് കൗൺസിൽ/കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പുറപ്പെടുവിക്കുന്ന ഉത്തരവുകൾ/റഗുലേഷനുകൾ സ്ഥാപനം കൃത്യമായും മാർഗ്ഗനിർദ്ദേശങ്ങൾ/പാലിക്കേണ്ടതാണ്.

V. പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കോഴ്സ് ആരംഭിക്കുന്നതിന് മുൻപ് കേരള സംസ്ഥാന നഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate), കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല അഫിലിയേഷൻ, സംസ്ഥാന സർക്കാർ നൽകുന്ന Letter of Permission എന്നിവ ക്രമത്തിൽ നേടേണ്ടതാണ്. 28.04.2025-ലെ സ.ഉ (കൈ)നം.126/2025/ആ.ക.വ പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന സത്യവാങ്മൂലം Letter of Permission നുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ഇൻഡ്യൻ നേഴ്സിംഗ് കൗൺസിൽ, ന്യൂഡൽഹി
രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ചെയർമാൻ, മദർ തെരേസ എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ്, മൂവാറ്റുപുഴ
ചെയർമാൻ, **Pachomios Educational and Charitable Enlightenment Foundation**, പിറവം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 06-03-2026 10:57:27
സെക്ഷൻ ഓഫീസർ